പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **2712** **10.07. 2015-** ലെ മറുപടി

**തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരുന്ന പ്രവാസികളുടെ ക്ഷേമം**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.കെ.ടി.ജലീൽ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരുന്ന പ്രവാസികളുടെ ഉന്നമനത്തിനും ക്ഷേമത്തിനും ആയി ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുമെന്ന 2014-15 ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയോ;വിശദമാക്കുമോ ; | എ)വിദേശത്ത് തൊഴിൽ തേടുന്ന മലയാളികളുടെ നൈപുണ്യ വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കി യിട്ടുള്ള പദ്ധതിയാണ് സ്കിൽ അപ്ഗ്രഡേഷൻ ആന്റ് റീ-ഇന്റഗ്രേഷൻ പ്രോഗ്രാം. ഈ പദ്ധതിയുടെ നടത്തിപ്പിൽ മതിയായ യോഗ്യതയുള്ള തിരികെയെത്തിയ പ്രവാസികളുടെ വിവരം ശേഖരിച്ച് മാസ്റ്റർ ട്രയിനർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) ഇതിനായി നീക്കിവെച്ച തുക എത്ര ; ചെലവഴിച്ച തുക എത്ര ;വിശദമാക്കുമോ? | ബി) ഈ പദ്ധതിയ്ക്കായി 2014 – 15 – ലെ ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിരുന്നു. 2014 – 15 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത 49 സ്ഥാപനങ്ങൾ മുഖേന 1800 പേർക്ക് വിവിധ തരത്തിലുള്ള 86 കോഴ്സുകൾ നടത്തി. കോഴ്സ് ഫീ ഇനത്തിൽ 1,13,00,445/- രൂപയും പരസ്യ ഇനത്തിൽ 6,45,992/- രൂപയും ഉൾപ്പെടെ ആകെ 1,19,46,437/- രൂപയും ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ